## ഈശ (ISIS)

സിംഹാസനത്തിന്റെ രാജ്ഞി എന്നറിയപ്പെടുന്ന ഈശ ആകാശദൈവത്തിന്റെയും ഭൂമിദേവതയുടെയും പുത്രിയും ഊസിറിസിന്റെ സഹോദരിയും ഒപ്പം ഭാര്യയും ആണ്. ഊസിറിസ് ഉയർത്തെഴുന്നേൽക്കുന്നത് ഹോറസ് ആയിട്ടാണ്. അതിനാൽ ഈശ ഹോറസിന്റെ അമ്മയും ഭാര്യയും ആകുന്നു. രക്തശരീരങ്ങളോടുകൂടിയുള്ളവൾ എന്നും മരണം ഉള്ള മനുഷ്യസ്ത്രീ എന്നും ഈശ എന്ന വാക്കിന് അർത്ഥമുണ്ട്. ഫറവോ രാജ്ഞികളുടെ ദിവ്യപ്രതീകം കൂടിയാണ് ഈശ. ഫറവോ ഊസിറിസിന്റെ അവതാരവും ഫറവോന്റെ ഭാര്യ ഈശയുടെ അവതാരവുമാണെന്ന് ഈജിപ്തുകാർ വിശ്വസിച്ചിരുന്നു.

ഈശയുടെ ആരാധന ഈജിപ്റ്റിൽ മാത്രമല്ല മദ്ധ്യധരണ്യാഴി പ്രദേശങ്ങളിലും യൂറോപ്പിലും ഇംഗ്ലണ്ടിലും ആറാം നൂറ്റാണ്ടുവരെ നിലനിന്നിരുന്നു. ഈശയുടെ ക്ഷേത്രങ്ങളുടെ അവശിഷ്ടങ്ങൾ ഈ പ്രദേശങ്ങളിൽ ഇന്നും നിലനില്ക്കുന്നു. ഊസിറിസിന്റെയും ഹോറസിന്റെയും ക്ഷേത്രങ്ങളിൽ അമ്മദൈവമായ ഈശയും ആരാധിക്കപ്പെട്ടിരുന്നു. ഈശയുടെ പുരോഹിതർ ഏറിയപങ്കും സ്ത്രീകളായിരുന്നു. ഇവർക്ക് കാലാവസ്ഥ നിയന്ത്രിക്കാനുള്ള കഴിവും സ്വപ്നങ്ങൾ വ്യാഖ്യാനിക്കാനുള്ള പാടവവും മനുഷ്യരിൽ സുഖദുഃഖങ്ങളെ സൃഷ്ടിക്കുവാനും അവയെ നിയന്ത്രിക്കാനുമുള്ള കഴിവും ഉള്ളതായി വിശ്വസിച്ചിരുന്നതിനാൽ വളരെ ഭയഭക്തിയോടെയാണ് ആരാധകർ ഇവരെ വീക്ഷിച്ചിരുന്നത്.

ഈശദേവതയുടെ ആരാധന വ്യാപിച്ചതോടുകൂടി പല പ്രാദേശികദേവതകളും ഈശയിൽ ലയിച്ചു. അതോടുകൂടി പ്രാദേശികദേവതകളിൽ കുടികൊണ്ടിരുന്ന ശക്തികൾകൂടി ഈശക്കു ലഭിച്ചു. അഫ്രോഡയിറ്റ്, വീനസ്, അസ്ഥേരത്ത് എന്നീ ദേവതകൾ ഇതിന്റെ ഉദാഹരണങ്ങളാണ്.

ഈശദേവതയുടെ വിശേഷണങ്ങൾ നോക്കുക: അമ്മദൈവം, രക്ഷയുടെ ഉറവിടം, അപകടങ്ങളിൽ നിന്ന് കാത്തു രക്ഷിക്കുന്നവൾ, നിത്യജീവന്റെയും പുനരുത്ഥാനത്തിന്റെയും പ്രതീകം, വിത്തുകൾ, സസ്യലതാദികൾ, വിളവുകൾ, കതിരുകൾ ഇവയുടെ അധിദേവത, ആകാശരാജ്ഞി, നക്ഷത്രങ്ങൾ പതിച്ച നീലാംബരം ധരിച്ചവൾ, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും അമ്മ, ദൈവങ്ങളുടെ അമ്മ, എല്ലാം നിറഞ്ഞവൾ, നിത്യകന്യക, അനാഥരുടെ അവലംബം, ദരിദ്രർക്കു നീതി തേടുന്നവൾ, ക്ഷീണിതരുടെ ആശ്വാസം, ആലംബഹീനരുടെ അവലംബം, ആകാശത്തിലെ ദിവ്യപ്രകാശം, സമുദ്രത്തിന്റെമേൽ പ്രകാശം പരത്തുന്ന നക്ഷത്രം, മാന്ത്രികശക്തിയുടെ ഉറവിടം, ജീവന്റെ ഉറവിടം, ഹൃദയവിചാരങ്ങളെ അറിയുന്നവൾ, സ്വർഗ്ഗത്തിന്റെ വെളിച്ചം, വിജ്ഞാനദേവത, കടൽയാത്രക്കാരുടെ രക്ഷക.

ഈശയുടെ ആരാധന നിരോധിക്കപ്പെട്ടതോടെ ഈ സ്ഥാനമാനവിശേഷണങ്ങൾ യേശുവിന്റെ അമ്മയ്ക്കു ലഭിച്ചു. ഈശ എന്നാൽ ഹീബ്രുവിൽ മിറിം അഥവാ മിറിയം ആണ് എന്നതും ശ്രദ്ധിക്കുക. ഈശയുടെ

ക്ഷേത്രങ്ങളിൽ ചിലത് നശിപ്പിക്കപ്പെടുകയും ചിലത് ക്രിസ്തീയദേവാലയങ്ങളായി പരിവർത്തനപ്പെടുകയും ചെയ്തു. ഈശയുടെ കിരീടവും നക്ഷത്രങ്ങൾ പതിച്ച നീലാംബരവും യേശുവിന്റെ അമ്മയ്ക്കു ലഭിച്ചു. കതിരുകളുടെ ദേവതയായ ഈശ കതിരുകൾ പിടിച്ച മേരിയായി. ശിശുവായ ഹോറസിന്റെയും അമ്മ ഈശയുടെയും പ്രതിമ ഉണ്ണി ഈശോയുടെയും മാതാവിന്റെയും പ്രതിമയായി മാറി. ഊസിറിസിന്റെ മൃതശരീരം മടിയിൽ കിടത്തിയ ഈശയുടെ പ്രതിമ മരിച്ച യേശുവിനെ മടിയിൽ കിടത്തിയ മേരിയുടെ പ്രതിമയായി മാറി. കന്യകാത്വത്തിന് കോട്ടം തട്ടാതെ ഈശയിൽ നിന്നും ഹോറസ് ജനിച്ചത് മേരിയിൽനിന്നും യേശു ജനിച്ചതായി മാറി. ക്രിസ്തുമതം പ്രചരിച്ച സ്ഥലങ്ങളിലെ പ്രാദേശിക ദേവതകളും കന്യകാമറിയം എന്ന ദൈവമാതാവിൽ ലയിച്ചു.

കന്യകയായ അമ്മ, പതിനായിരം പേരുള്ള അമ്മ എന്നൊക്കെയാണ് ഈശ വിശ്വാസികൾ പൊതുവെ ഈശയെ വിളിച്ചിരുന്നത്. യഹോവയുടെ പേര് പൂർണ്ണമായി പോലും ഉച്ചരിക്കാത്ത യഹൂദമതത്തിൽനിന്നും ഉത്ഭവിച്ച ക്രിസ്തുമതം ഏകദൈവവിശ്വാസത്തിൽനിന്ന് ത്രിത്വവിശ്വാസത്തിലേക്കും ദൈവത്തിന്റെ മാതാവ് എന്ന വിശ്വാസത്തിലേക്കും വഴിതെറ്റിയതിന് രണ്ടു കാരണങ്ങളാണ് ചൂണ്ടിക്കാണിക്കാനുള്ളത്: പുരാണവിശ്വാസങ്ങളും ഈശ വിശ്വാസികൾ ക്രിസ്ത്യാനികൾ ആയി മാറിയതും. യഹൂദക്രിസ്ത്യാനികൾ ന്യൂനപക്ഷമായതോടെ പ്രാദേശികപുരാണം ക്രിസ്തുമതത്തിന്റെ വിശ്വാസപ്രമാണമായി മാറി.

റോമൻ സാമ്രാജ്യപ്രദേശങ്ങളും മറ്റു മെഡിറ്ററേനിയൻ പ്രദേശങ്ങളും ചിലപ്പോൾ ദീർഘമായ വരൾച്ചകൾക്കും ക്ഷാമങ്ങൾക്കും വിധേയമാകാറുണ്ടായിരുന്നു. എന്നാൽ ഈ ക്ഷാമകാലങ്ങളിലെല്ലാം ഈജിപ്റ്റിൽ ധാന്യം ലഭിച്ചിരുന്നു. അതിനാൽ ജീവൻ നിലനിർത്തുന്ന അന്നം നൽകുന്ന ദൈവങ്ങൾക്ക് വലിയ ശക്തി ഉള്ളതായി ഈജിപ്റ്റുകാർ വിശ്വസിച്ചുപോന്നു. ഈശയിലുള്ള വിശ്വാസം വെടിയുവാൻ അവർ വിമുഖത കാട്ടുകയും ചെയ്തു. ഈശവിശ്വാസികളെ ക്രിസ്തുമതത്തിൽത്തന്നെ പിടിച്ചുനിർത്തുവാൻ വേണ്ടിയാണ് ഈശദേവതയെ അതേപടി ക്രിസ്തുമതം അംഗീകരിച്ചത്. അതോടുകൂടി യഹൂദക്രിസ്ത്യാനികളുടെ ഏകദൈവം ഊസിറിസ് എന്ന പിതാവാം ദൈവം, പിതാവിൽനിന്നു പുറപ്പെട്ട ഹോറസ് എന്ന പുത്രനാം ദൈവം, ഈശയുടെ ആത്മാവായ റൂഹാദൈവം എന്നിവയുടെ ത്രിത്വം ആയി മാറി. ഹോറസിന്റെ അമ്മദൈവം ക്രിസ്ത്യാനികളുടെ ദൈവത്തിന്റെ അമ്മയും ആയി മാറി. ഈ അബദ്ധവിശ്വാസത്തിൽനിന്നുള്ള വിമുക്തി ആണല്ലോ പ്രോട്ടസ്റ്റന്റ് സഭകളുടെ ഉത്ഭവത്തിന് വഴിതെളിച്ചത്.

## ഹോറസ് (Horus)

ഊസിറിസ്ദേവൻ പീഡകൾ അനുഭവിച്ചു മരിക്കുന്നു. ഊസിറിസിന്റെ

ഭാര്യയും സഹോദരിയുമായ ഈശ (മിറിം) ഊസിറിസിനെ പുനർജീവിപ്പിക്കുന്നു. ഹോറസ് എന്ന ദൈവമായിട്ടാണ് ഊസിറിസ് പുനർജീവിക്കുന്നത്.

പുരാണങ്ങളിലെ വിശ്വാസരീതികൾക്കും ഭാവങ്ങൾക്കും കാലഘട്ടത്തിനനുസരിച്ച് മാറ്റങ്ങളുണ്ടായി. ഹോറസിനെ ഈശ ഗർഭം ധരിക്കുന്നത് പുരുഷസംസ്സർഗം കൂടാതെയാണ്. ഈശ എന്നും നിത്യകന്യകയുമാണ്. ചിറകുവിരിച്ച് പരുന്തിന്റെ രൂപത്തിൽ ഹോറസിനെ കാണാം. ഹോറസ് പിന്നീട് 'റ' എന്ന ആകാശദേവനായി മാറുന്നതും കാണാം. 'റ' എന്ന ദൈവം സൂര്യനേയും ചന്ദ്രനേയും ഉൾക്കൊള്ളുന്നു. ഊസിറിസ് എന്ന പിതാവ് പുത്രനായ ഹോറസ് ആയി മാറുന്നു. ഹോറസ് അതിനാൽ ഈശയുടെ ഭർത്താവും ഒപ്പം മകനും ആയി മാറുന്നു.

വിവിധ നൂറ്റാണ്ടുകളിൽ പുരാണങ്ങൾ വിവിധരീതികളിൽ ആവിർഭവിച്ചതിനാൽ ദൈവങ്ങളെ പല രൂപങ്ങളിൽ കാണുന്നു. പുരാണവിശ്വാസികൾ ക്രിസ്ത്യാനികളായതോടെ അവരുടെ ദൈവങ്ങളും അവരുടെ കൂടെ പോന്നു. അവരുടെ വിശ്വാസത്തിന്റെ പുനർജന്മമാണ് ത്രിത്വോപദേശം. യഹൂദന്റെ ഏകദൈവവും പുരാണവിശ്വാസികളുടെ ബഹുദൈവങ്ങളും ക്രിസ്ത്യാനികളുടെ ത്രിത്വോപദേശത്തിൽ കരണം മറിയുന്നു. 'രഹസ്യം' എന്ന മുദ്രയടിച്ച് അബദ്ധം മറയ്ക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. മനസ്സിലാക്കാൻ ആവാത്തത് എന്ന നിർവ്വചനമുള്ള ദൈവം എങ്ങനെ ത്രിത്വമാണെന്ന് മനസ്സിലായി? ദൈവം ത്രിത്വമാണെന്ന് മനസ്സിലായതുകൊണ്ടല്ല വിശ്വാസപ്രമാണമുണ്ടായത്. പുരാണവിശ്വാസം ഭൂരിപക്ഷത്തിന്റെ വിശ്വാസമായതിനാൽ രാജ്യത്ത് ആഭ്യന്തരകലാപം ഇല്ലാതാക്കുവാൻ കുസ്തന്തിനോസ് ചക്രവർത്തി അതംഗീകരിച്ചു എന്നു മാത്രം.

ഊസിറിസ് പുനർജ്ജീവിച്ചപ്പോൾ പുത്രനായ ഹോറസ് ആയി മാറുന്നു, പിതാവിൽനിന്നും ജനിക്കുന്നു. ഹോറസ് പിന്നീട് 'റ' എന്ന ദൈവവുമായി യോജിക്കുമ്പോൾ ആകാശത്തിന്റെയും ഭൂമിയുടെയും മരിച്ചവരിൽനിന്ന് ഉയർത്തതിനാൽ പാതാളത്തിന്റെയും ദൈവമായി മാറുന്നു. 'റ' യുടെ അമ്മയുടെ പേര് 'നേത്ത്' എന്നാണ്. നേത്ത് പ്രപഞ്ചത്തിന്റെ മാതാവാണ്. നേത്ത് ഈജിപ്ഷ്യൻ ഭാഷയിൽ 'മെറി' എന്നും ഹിബ്രുവിൽ മിറിയം എന്നും അറിയപ്പെടുന്നു. സൃഷ്ടിയുടെ ആദിമവെള്ളങ്ങളുടെ മൂർത്തീകരണമാണ് നേത്ത്. ഈ വെള്ളത്തിൽ ദൈവത്തിന്റെ ആത്മാവ് ആവസിച്ചപ്പോൾ 'റ' ദൈവം ജനിക്കുന്നു. നേത്തിൽ നിന്നും 'റ' ജനിക്കുന്നത് പുരുഷസംസ്സർഗം കൂടാതെ, കന്യകാത്വത്തിന് കോട്ടം തട്ടാതെ, ദൈവാത്മാവിനാലാണ്. അതിനാൽ നേത്ത് എന്നും നിത്യകന്യകയാണ്.

ജ്ഞാനത്തിന്റെ മൂർത്തീകരണമാണ് തോത്ത് എന്ന ദൂതൻ. തോത്ത് ദൈവങ്ങളുടെ ദൂതനാണ്. 'റ' യുടെ ജനനം എപ്രകാരം ആയിരിക്കും എന്ന് തോത്ത് നേരത്തെതന്നെ നേത്തിനെ അറിയിക്കുന്നു. 'റ' ജനിച്ചപ്പോൾ 'റ' യുടെ പര

മോന്നതിയെ കീർത്തിച്ച് മറ്റ് ദൈവങ്ങൾ 'റ' യ്ക്ക് സ്തുതിഗീതങ്ങൾ അർപ്പിക്കുന്നു. ഹീബ്രു സാഹിത്യത്തിൽ തോത്തിനെ പരാമർശിക്കുന്നത് മിഖായേൽ എന്നാണ്. ആദിമവെള്ളത്തിൽ ആവസിച്ച ദൈവത്തിന്റെ ആത്മാവ് ജ്ഞാനം ആയിരുന്നു. ആദിമസൃഷ്ടിക്ക് കൂട്ടുനിന്നത് 'നെപ്പ്' എന്ന ദൈവമാണ്. നെപ്പ് സൃഷ്ടിയുടെ ഉറവിടവും ജീവന്റെ ഉറവിടവുമാകുന്നു. ഈ പുരാണകഥ അതേപടി ക്രിസ്തുമതത്തിലേക്കു പകർത്തുകയാണുണ്ടായത്. മിഖായേലിനുപകരം ദൂത് അറിയിക്കുന്നത് ഗ്രബ്രിയേൽ ആണെന്നു മാത്രം.

പുരാണകഥ, മത്തായി എന്ന സുവിശേഷകൻ ചരിത്രമാക്കി മാറ്റാൻ ശ്രമിച്ചതിന്റെ ഫലമാണ് മത്തായിയുടെ സുവിശേഷം. അറിയാതെതന്നെ മത്തായി ഈ സത്യം വെളിവാക്കുന്നു. 'മിസ്രയിമിൽനിന്ന് ഞാൻ എന്റെ മകനെ വിളിച്ചു വരുത്തി' (മത്തായി 2:15). മത്തായി പറയുന്നതുപോലെയല്ല ഹോശേയ 11:1-ൽ എഴുതിയിരിക്കുന്നത്, 'അവർ വിട്ടകന്നു പോയി' എന്നാണ്. വിളിച്ചു വരുത്തുന്നില്ല. വിളിക്കുംതോറും വിട്ടകലുന്നു. മാത്രമല്ല എന്റെ മകൻ എന്ന ഏകവചനം അല്ല ഹോശേയ ഉപയോഗിക്കുന്നത്, അവർ എന്ന ബഹുവചനമാണ്. അതായത് യിസ്രയേൽ എന്ന ജനം എന്നു സാരം. യേശുവും മിസ്രയീമുമായി എന്തോ ബന്ധം ഉണ്ടായിരുന്നുവെന്ന് മത്തായി കേട്ടിരിക്കണം. അതുകൊണ്ടാണ് യേശുവിന്റെ മിസ്രയീം പലായനകഥ മത്തായിയിൽ മാത്രം കാണുന്നത്. യേശുവിന്റെ ജനനകഥ മിസ്രയീംകാരുടെ പുരാണകഥ മാറ്റി എഴുതിയതാണെന്നു വ്യക്തം.

മിസ്രയീം പുരാണം യോഹന്നാൻ കടമെടുത്ത് ഗ്രീക്കു തത്ത്വജ്ഞാനവുമായി കുഴച്ചുമറിയ്ക്കുന്നു. 'ആദിയിൽ വചനം ഉണ്ടായിരുന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു', (യോഹന്നാൻ 1:1-14). ഊസിറിസിൽനിന്നും ജനിച്ച ഹോറസ് സൂര്യദൈവമായ 'റ' ആയി മാറുന്നു. ആദിമവെള്ളങ്ങളുടെ മൂർത്തീകരണമായ മിറിയത്തിൽനിന്നും ദൈവത്തിന്റെ ആത്മാവിന്റെ ആവാസത്താൽ 'റ' ജനിക്കുന്നു. അതാണ് യോഹന്നാൻ പറയുന്ന വചനം ജഡമായതും ലൂക്കോസും മത്തായിയും പറയുന്ന യേശുവിന്റെ ജനനകഥയും.